ചിറ്റൂർ ആസ്പത്രി

* ൧൯൨. (൨൧) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ ആസ്പത്രിയിൽ ഇപ്പോൾ എത്ര കിടക്കകൾ ഉണ്ട് ?

ശ്രീ. എ. ജെ. ജാൺ : ൪൫ കിടക്കകൾ ഉണ്ട്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : കിടക്കകൾ പോരാത്തതുകൊണ്ട് രോഗികൾ പായിലും ചാക്കിലും കിടക്കുന്നതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ചില സ്ഥലങ്ങളിലെല്ലാം കിടക്കകൾ പോരാതെയുണ്ട്.

തിരുവിതാംകൂർ ബാങ്ക്

* ൧൯൩. (൨൨) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവും ദേവികുതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) 'തിരുവിതാംകൂർ ബാങ്ക്' പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന പ്രസ്താവിക്കുമോ ;

(ബി) പ്രസ്തുത ബാങ്കിൽനിന്ന സർക്കാരിന് ഇതിനകം എന്തെങ്കിലും ആദായം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനമെന്നും ഏതേതുവർഷങ്ങളിൽ എന്നും വെളിപ്പെടുത്തുമോ ?

ശ്രീ. എ. ജെ. ജാൺ :

(എ) ൧൯— ൨— ൧൩ ൪ന-ൽ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ : ഓഹരിയെടുത്തിട്ടുള്ളതിനു പുറമേ ആ ബാങ്കിൽ സർക്കാരിന്റെ എന്തു തുക നിക്ഷേപിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ഏകദേശം ഒരു കോടി എഴുപതു ലക്ഷം രൂപ.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ : അതിനു് എന്തു പലിശക്രമമാണുള്ളതു്.

ശ്രീ. പി. ജെ. ജാൺ : കറൻറ് അക്കൌണ്ടിനു് ഒരു പലിശയും അല്ലാതുള്ളതിനു് രണ്ടര പലിശയും.

ശ്രീ. എ. കെ. പാപ്പുപിള്ള : ആ ബാങ്കിന്റെ പ്രവർത്തനത്തിൽ ലാഭമില്ലെന്നാണോ പറയുന്നതു് ?

ശ്രീ. എ. ജെ. ജാൺ : ൧൯൨൯ ഡിസമ്പറിലെ ബാലൻസു് ഷീററനുസരിച്ചു് ൨ ലക്ഷത്തിൽ ശിഷ്ടം രൂപാ ആദായമുണ്ടു്.

ശ്രീ. എ. കെ. പാപ്പുപിള്ള : ആ ബാങ്കിന്റെ മാക്കറു് ഷെയർവാല്യു എന്താണു്?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ ൧൫ രൂപാ, ൧൦ അണ ആണെന്നാണു് അറിയുന്നതു്.

ശ്രീ. ഇട്ടീര അമ്പുക്കൻ : കൊല്ലത്തോടം ഡിവിഡണ്ടു് ഡിക്ലെയർ ചെയ്യാറില്ലേ?

ശ്രീ. എ. ജെ. ജാൺ : ഡിക്ലയർ ചെയ്തിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദു് : സർക്കാരിന്റെ നിയമിച്ച എത്രയധികം ഡയറക്ടർമാർ ആ ബാങ്കിനുണ്ടു് ?

ശ്രീ. എ. ജെ. ജാൺ : ഒരു ഡയറക്ടർ.

Sahib Bahadur A. M. Mustaffa : May I know whether the Government investments exeeds the capital and whether it is a policy.....

Mr. Speaker : That is a matter of opinion. These details are not relevant.

ശ്രീ. പാറ തളിയത്തു് : ആ ബാങ്കിന്റെ ഷെയർ മാക്കറിൽ നിന്നും സർക്കാരിന്റെ വാങ്ങിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly